**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - സ്കൂൾകുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പാചകത്തൊഴിലാളികൾക്ക് 2010-11 ലെ പ്രത്യേക ഉത്സവബത്ത അനുവദിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ.)നം. 3809/2011/പൊ.വി.** **തീയതി, തിരുവനന്തപുരം, 05/09/2011**

പരാമർശം:- 1. 16.08.2010 ലെ സ.ഉ.(സാധാ) നം.3654/2010/പൊ.വി

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09/08/2011 ലെ എൻ.എം.(1)/51264/11/ ഡി.പി.ഐ. നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പാചകത്തൊഴിലാളികൾക്ക് 2011 ലെ ഓണം ഉത്സവത്തോടനുബന്ധിച്ച് പ്രത്യേക ഉത്സവബത്ത അനുവദിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സ്കൂളുകളിൽ ദേശീയ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന, ഒന്നാം ഓണത്തിനു (i.e., 09/08/2011) മുമ്പ് ജോലിയിൽ ഉള്ളവർക്കും നാലാം ഓണത്തിനു (i.e.,11/09/2011) മുമ്പ് ജോലിയിൽ നിന്നും പിരിച്ചുവിടപ്പെടാത്തവരുമായ എല്ലാ പാചകത്തൊഴിലാളികൾക്കും 2011 ലെ ഓണം ഉത്സവത്തോടനുബന്ധിച്ച് 500/- രൂപ (അഞ്ഞൂറു രൂപ മാത്രം) വീതം പ്രത്യേക ഉത്സവബത്തയായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക പാചക ചെലവിന് അനുവദിച്ച തുകയിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**കെ.ആർ.കൃപാനന്ദൻ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. ( 3.09.2011 ലെ 69973/എൽ1/2011/ധന. പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ